**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4727** **29-10-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ സാംസ്കാരിക സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്ക് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (എ) | സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) വജ്രജൂബിലി ഫെലോഷിപ്പ് 2) നാട്ടരങ്ങ് 3) കേരള സംസ്കാര മ്യൂസിയം 4) കേരള സംസ്കാര വ്യാപനം 5) കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത / റൂറൽ ആർട്ട് ഹബ്ബ് 6) ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ് 7) കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി 8) അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി. 9) പ്രമുഖരായ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും ആശ്രിതർക്ക് നൽകുന്ന ധനസഹായം. 10) സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന / അനാവർത്തന ഗ്രാന്റ്. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1000 കലാകാരന്മാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ഈ കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ ഫെലോഷിപ്പിന് കലാകാരന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 10.10.2017ലെ സ.ഉ.(എം.എസ്.)നം.28/2017/ സാം.കാ.വ. 27.02.2018 ലെ സ.ഉ.(എം.എസ്.)നമ്പർ 11/2018/സാം.കാ.വ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ അനുബന്ധം I & II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഗ്രാമീണ കലാകാരന്മാരുടെയും |

കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. പൈതൃക പശ്ചാത്തലമുള്ള ഗ്രാമങ്ങളിൽ പ്രാഥമിക സർവ്വേ, ഗുണഭോക്തൃ സർവ്വേ എന്നിവ നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. സാംസ്കാരിക വകുപ്പിന്റെ പെൻഷൻ/ഗ്രാന്റ് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു. എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി കിഫ്ബി ഫണ്ടിംഗോടെ നടപ്പിലാക്കി വരുന്നു. കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം, പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയം എന്നിവയുടെ ഒന്നാംഘട്ട ഉദ്ഘാടനം കഴിഞ്ഞു. മലപ്പുറം ജില്ലയിൽ അബ്ദുൽ റഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം, കണ്ണൂർ - വാഗ്ഭടാനന്ദ, ആലപ്പുഴ – പി. കൃഷ്ണപിള്ള, തൃശ്ശൂർ - വള്ളത്തോൾ നാരായണമേനോൻ, കോട്ടയം - ലളിതാംബിക അന്തർജ്ജനം എന്നീ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീപുരുഷ തുല്യത സമസ്ത മണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങളിൽ നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ‘സമം’. സമീപകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീപുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന ‘സമം’ പദ്ധതിയിൽ വൈവിധ്യ പൂർണമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പെയിൽ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്ക് നേതൃത്വം

കൊട്ടുക്കുന്നത്. ഒരു വർഷം നീണ്ടു നിൽക്കുന്ന സമം ക്യാമ്പെയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ് എന്നീ യുവജന പ്രസ്ഥാനങ്ങൾ സജീവമായി പങ്കാളികളാകുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ 23 ഇനം പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. (ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.) ബഹു. മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ ചെയർമാൻമാരായ ജില്ലാതല കമ്മിറ്റിയും പഞ്ചായത്ത് മുതൽ വാർഡ്തല കമ്മിറ്റികൾ വരെ പദ്ധതി പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. മലയാളം മിഷൻ - മലയാള ഭാഷയെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനുള്ള മികവിന് മലയാളം മിഷൻ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം നൽകിവരുന്നു. 50,000/- രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മലയാള ഭാഷാ പ്രചരണത്തിനും പാഠ്യപദ്ധതിയുടെ പിന്തുണയ്ക്കായും ഇന്റർനെറ്റ് വഴി പ്രവർത്തിക്കുന്ന 'റേഡിയോ മലയാളം' മലയാളം മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഭാഷാപ്രചരണത്തിനായി സാമ്പ്രദായിക മാർഗങ്ങൾക്കപ്പുറം, ഭാഷയെ സ്വജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും വേഷവിധാനത്തിന്റെയും ഭാഗമാക്കി മാറ്റിക്കൊണ്ട് ഭാഷയിലൂടെ ഒരു സംസ്കാരം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സുവനീർ ഷോപ്പിലൂടെ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും മുദ്രകൾ ആലേഖനം ചെയ്ത പല തരത്തിലുള്ള കപ്പുകൾ, ടീ ഷർട്ടുകൾ, സഞ്ചി, മാസ്കുകൾ, ബാഗുകൾ, സാരികൾ മുതലായവ വിൽപ്പന നടത്തിവരുന്നു. മലയാളഭാഷയുടെ അടിസ്ഥാനപാഠങ്ങൾ ശാസ്ത്രീയമായി തയാറാക്കി പൂർണമായും ഇന്റർനെറ്റ് വഴി പഠിപ്പിക്കുന്ന പദ്ധതിയാണ് ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്. ഭാരത് ഭവൻ - കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കി വരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ

വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി -'മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 3500ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി സാധിക്കും. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ - തിരുവനന്തപുരം കൈരളി /ശ്രീ /നിള തീയേറ്റർ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള നവീകരണ പ്രവർത്തനം, ഒ.ടി.ടി. പ്ലാറ്റ്ഫോം, വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ വനിതാ സംവിധായകരുടെ രണ്ട് സിനിമകളും, എസ്.സി./ എസ്.ടി. വിഭാഗത്തിലെ സംവിധായകരുടെ രണ്ടു സിനിമാ നിർമ്മാണവും നടപ്പിലാക്കി വരുന്നു. കെ.എസ്.എഫ്.ഡി.സി. SPV ആയി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന തീയറ്റർ പദ്ധതികൾ താഴെപ്പറയുന്നവയാണ്. • തീയേറ്റർ സമുച്ചയങ്ങൾ - കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നീ തീയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കാക്കനാട്, പായം, വൈക്കം, താനൂർ, പേരാമ്പ്ര എന്നീ തീയേറ്ററുകളുടെ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണ ജോലികൾ പുരോഗമിക്കുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി - . അന്താരാഷ്ട്ര ചലച്ചിത്രമേള . അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേള . ദേശീയ ചലച്ചിത്രമേള . പ്രാദേശിക ചലച്ചിത്രമേളകൾ . കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് . ടെലിവിഷൻ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് . കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് . ജെ.സി.ഡാനിയേൽ അവാർഡ് . ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ . ചലച്ചിത്ര ഗവേഷണത്തിനായുള്ള ഫെലോഷിപ്പ് . മലയാള

സിനിമകളുടെ ഡിജിറ്റലൈസേഷൻ ആന്റ് ആർക്ക്കൈവിംഗ് . ചലച്ചിത്ര സമീക്ഷ എന്ന ദ്വിഭാഷ മുഖമാസിക . ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം . ചലച്ചിത്ര സംബന്ധിയായ ശില്പശാലകളും സെമിനാറുകളും . ടൂറിംഗ് ടാക്കീസ് . സിനി കലാകാരന്മാർക്കുള്ള പെൻഷനും ചികിത്സാധനസഹായവും സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര രംഗത്തെ അവശകലാകാരന്മാർക്ക് 1000/- രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു. കൂടാതെ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ പരമാവധി 25,000/- രൂപ വരെ ചികിത്സാധനസഹായവും നൽകുന്നു. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000/- രൂപയിൽ കവിയാത്തവരുമായ ചലച്ചിത്രകാരന്മാർക്ക് പെൻഷനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കേണ്ട രീതി - ആധാറിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ഫോട്ടോ, ചലച്ചിത്ര സംഘടനയുടെ /സംവിധായകന്റെ സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ ചലച്ചിത്ര അക്കാദമി സെക്രട്ടറിയ്ക്ക് നൽകിയാൽ മതി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - • ജാപ്പനീസ് - മലയാളം പഠന സഹായി പ്രസിദ്ധീകരിച്ചു. • ജാപ്പനീസ് - മലയാളം പഠന കോഴ്സ് • ശബ്ദാവലികളുടെ നിർമ്മാണം പുരോഗമിക്കുന്നു. • ഇ -പബ്ലിഷിംഗ് വിപുലീകരണം • തുടങ്ങിവച്ച പുസ്തക പരിഭാഷകളുടെ പൂർത്തീകരണവും പുതിയ പുസ്തകങ്ങളും പരിഭാഷാ രീതിയും പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് - 2021 ൽ വായന പക്ഷാചരണത്തോടനുബന്ധിച്ച് ജൂൺ 19 മുതൽ ജൂലായ് 19 വരെ 1000രൂപയ്ക്ക് 1555 രൂപയുടെ പുസ്തകങ്ങൾ എന്ന പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് പുസ്തകം ലഘു തവണ വ്യവസ്ഥയിൽ, വീട്ടുകളിൽ ഒരു ലൈബ്രറി സെറ്റ് ചെയ്യുന്നതിന് വേണ്ടി കോഴിക്കോട് ഒരു സഹകരണ സൊസൈറ്റിയുമായി ചേർന്ന് കൊണ്ട് അലമാരയും പുസ്തകവും നൽകാനുള്ള പദ്ധതി രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. ഓരോ വീട്ടുകളിലും അത്യാവശ്യം ഉണ്ടാകേണ്ട പുസ്തകങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ബുക്ക്മാർക്ക് ഉദ്ദേശിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് 10000 രൂപയ്ക്ക് 15000രൂപയുടെ പുസ്തകങ്ങൾ നൽകും. മലയാളത്തിലേയും വിശ്വസാഹിത്യത്തിലേയും ഒരു വീട്ടിൽ അവശ്യം വേണം എന്ന് കരുതുന്ന പുസ്തകങ്ങൾ ഈ പദ്ധതിയിലൂടെ വീട്ടുകളിൽ എത്തിക്കാനാണ് ആലോചിക്കുന്നത്. വിദഗ്ധ

| | | | |
|---|---|---|---|
| | | | സമിതി നിശ്ചയിക്കുന്ന പുസ്തകമാണ് നൽകുക. വാസ്തുവിദ്യാ ഗുരുകുലം - സംരക്ഷിത സ്മാരകങ്ങൾ പ്രധാനപ്പെട്ട കൊട്ടാരങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ, ചെലവു ചുരുങ്ങിയതും പരിസ്ഥിതി സൗഹാർദ്ദവുമായ മണ്ണ് നിർമ്മാണത്തിന്റെ (സുസ്ഥിര നിർമ്മാണ സങ്കേതങ്ങളുടെ) പ്രചാരണവും പാരമ്പര്യ മണ്ണ് വീട് നിർമ്മിതികളുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷനും പാരമ്പര്യ നിർമ്മിതികളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷനും ഡാറ്റാ ശേഖരണം. കേരള സംസ്ഥാന സർവവിജ്ഞാനകോശം - 1961-ൽ ആരംഭിച്ച സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 60-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ 2022 നവംബർ 1 വരെ ഒരു വർഷം നീണ്ടു നിൽക്കുന്ന വൈജ്ഞാനികം എന്ന പേരിൽ എല്ലാ ജില്ലകളിലും പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ശാസ്ത്ര/മാനവിക വിഷയങ്ങളിലെ വൈജ്ഞാനിക രചനകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് വൈജ്ഞാനിക പ്രതിഭാപുരസ്കാരം. ജില്ലയിലെ സ്കൂളുകളെ പങ്കെടുപ്പിച്ച നടത്തുന്ന മത്സരത്തിന്റെ പുരസ്കാരങ്ങൾ എന്നിവ നൽകുന്നതാണ്. മികച്ച അധ്യാപകൻ, പ്ലസ്ടു വിദ്യാർഥി, ഹൈസ്കൂൾ വിദ്യാർഥി, യു.പി സ്കൂൾ വിദ്യാർഥി കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ വാല്യങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്താൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികളും അർഹതാ മാനദണ്ഡങ്ങളും അനുബന്ധം V ആയി ചേർക്കുന്നു. |
| (ബി) | ഗ്രാമീണ മേഖലകളിലെ കലാ, കായിക, സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ എന്നിവയ്ക്കായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദ വിവരം അറിയിക്കാമോ; | (ബി) | വിവിധ സാംസ്കാരിക സംഘടനകൾക്കും കൂട്ടായ്മകൾക്കും തങ്ങളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ ഊർജ്ജസ്വലമായി നടത്തുന്നതിനും അവർക്ക് കൂടുതൽ ക്രിയാത്മക സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രോത്സാഹനം നൽകുന്നതിനുമായി പ്രസ്തുത സ്ഥാപനങ്ങൾക്ക് സാംസ്കാരിക വകുപ്പുവഴി ആവർത്തന, അനാവർത്തന ഗ്രാന്റ് അനുവദിച്ചു വരുന്നു. അനാവർത്തന ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം III (a) ആയി ചേർത്തിട്ടുണ്ട്. ആവർത്തന ധനസഹായം അനുവദിച്ച് നൽകുന്നതിന് തൊട്ടു മുൻപ് നൽകിയ ധനസഹായത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, മുൻ വർഷത്തെ ആഡിറ്റ് റിപ്പോർട്ടും പരിശോധനയ്ക്ക് വിധേയമാക്കിയശേഷമാണ് ധനസഹായം അനുവദിച്ചു നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വകുപ്പിന് കീഴിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളേ, പൊതുയിടങ്ങളെ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് നാട്ടരങ്ങ്. ഈ പദ്ധതി നിയോജക മണ്ഡല അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലാണ്. |
| (ഡി) | പാറശ്ശാല മണ്ഡലത്തിലെ കലാ, സാഹിത്യ, സാസ്കാരിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുന്നതിനായി ഒരു സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ ഒരു സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

202/17
അനുബന്ധം I

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നിർവ്വഹണം - മാർഗ്ഗ നിർദ്ദേശങ്ങൾ, സെലക്ഷൻ പാനൽ എന്നിവ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ(സി) വകുപ്പ്**

സ.ഉ. (എം.എസ്.) നം: 28/2017/സാം.കാ.വ. തീയതി, തിരുവനന്തപുരം, 10/10/2017

---

പരാമർശം- 1) 28/07/2017 തീയതിയിലെ സ.ഉ.(സാധാ)നം. 470/2017/സാം.കാ.വ.
2) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26/08/2017 തീയതിയിലെ എ 5-2939/17/സാം.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാംസ്കാരിക വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 'യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം 1 പ്രകാരം 13.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കലാമണ്ഡലം ബന്ധപ്പെട്ട അക്കാദമികൾ എന്നിവയുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ മാർഗ്ഗനിർദ്ദേശങ്ങൾ, സെലക്ഷൻ പാനൽ എന്നിവ അംഗീകരിക്കണമെന്ന് പരാമർശം 2 പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരളത്തിന്റെ ക്ലാസിക്കൽ കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും, ടി കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും യുവ മനസ്സുകളിൽ കലാ അഭിമുഖ്യം വളർത്തുന്നതിനും ആവിഷ്കരിച്ച പ്രസ്തുത പദ്ധതിയിൽ, കേരളീയ കലാരൂപങ്ങളെ (എ) ക്ലാസിക്കൽ കലകൾ, (ബി) അഭിനയകല, (സി) ചിത്രകല, ശില്പകല തുടങ്ങിയ ലളിതകലകൾ (ഡി) ഫോക് ലോർ കലാരൂപങ്ങൾ എന്നിങ്ങനെ നാല് വിഭാഗങ്ങളായി തരംതിരിച്ച് ഉൾപ്പെടുത്തുന്നതിനും മേല്പറഞ്ഞ ഓരോ വിഭാഗത്തിൽ നിന്നും ഫെലോഷിപ്പ് കലാകാരന്മാരെ തെരഞ്ഞെടുക്കുന്നതിന് കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല ബന്ധപ്പെട്ട അക്കാദമികൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും സെലക്ഷൻ പാനലും അംഗീകരിച്ച് അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗീത കെ.**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഡയറക്ടറേറ്റ് മുഖേന നൽകേണ്ടതാണ്)
ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം
(Indhu)
സെക്ഷൻ ആഫീസർ

1.

## യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി

### നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ

(i) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കലാരൂപങ്ങൾ, ഓരോന്നിനും അനുവദിക്കേണ്ട ഫെലോഷിപ്പുകളുടെ എണ്ണം, ഫെലോഷിപ്പ് കലാകാരന്മാരായി നിയമിക്കപ്പെടാനുള്ള യോഗ്യത നേടേണ്ട സ്ഥാപനങ്ങൾ, കലാകാരന്മാരെ തെരഞ്ഞെടുക്കുന്നതിനും അവർക്കുള്ള പരിശീലന പാഠ്യ പദ്ധതി തയ്യാറാക്കുന്നതിനുമുള്ള വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾ എന്നീ വിശദാംശങ്ങൾ ചുവടെയുള്ള പട്ടികയിൽ കാണാവുന്നതാണ്.

| ക്രമ നം. | കലാരൂപങ്ങൾ | ഫെലോഷിപ്പുകളുടെ എണ്ണം | സമിതിയിലെ വിദഗ്ദ്ധ അംഗങ്ങൾ | സ്ഥാപനങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | ക്ലാസിക്കൽ കല (കലാമണ്ഡലം കല്പിത സർവ്വകലാശാല) 40% | | | |
| 1 | കഥകളി | 100 | ഡയറക്ടർ, സാംസ്കാരിക വകുപ്പ്/നോമിനി<br>ശ്രീ. കെ.ജി. വാസുദേവൻ<br>രജിസ്ട്രാർ, കേരളകലാമണ്ഡലം | 1. കേരള കലാമണ്ഡലം, ചെറുതുരുത്തി<br>2. സ്വാതി തിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം.<br>3. RLV കോളേജ് തൃപ്പൂണിത്തുറ,<br>4. ചെമ്പൈ സ്മാരക സംഗീത കോളേജ് പാലക്കാട്,<br>5. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,<br>6. കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം, ലക്കിടി<br>7. ഉണ്ണായിവാര്യർ സ്മാരക കലാനിലയം, ഇരിങ്ങാലക്കുട<br>8. ഗവ.കോളേജ് ചിറ്റൂർ,<br>9. ഗവ.വനിതാ കോളേജ്, തിരുവനന്തപുരം<br>10. മാർഗ്ഗി, തിരുവനന്തപുരം<br>11. ഗാന്ധി സേവാസദനം കഥകളി വിദ്യാലയം, പാലക്കാട്<br>12. കോട്ടയ്ക്കൽ നാട്യ വിദ്യാലയം, കോട്ടയ്ക്കൽ |
| 2 | മേളം | 25 | ശ്രീ.മട്ടന്നൂർ ശങ്കരൻകുട്ടി<br>ശ്രീ.പെരുവനം കുട്ടൻമാരാർ<br>സെക്രട്ടറി, സംഗീത നാടക അക്കാദമി | |
| 3 | കൂടിയാട്ടം | 25 | ശ്രീ.കലാമണ്ഡലം ശിവൻ നമ്പൂതിരി, രജിസ്ട്രാർ<br>സെക്രട്ടറി, സംഗീത നാടക അക്കാദമി | |
| 4 | തുള്ളൽ | 25 | സെക്രട്ടറി, സംഗീത നാടക അക്കാദമി<br>ശ്രീ.കലാമണ്ഡലം പ്രഭാകരൻ<br>ശ്രീ.കലാമണ്ഡലം ഗീതാനന്ദൻ | |
| 5 | സംഗീതം | 125 | ശ്രീ.മണ്ണൂർ രാജ - കുമാരനുണ്ണി<br>പ്രൊഫ.ചേർത്തല ദിനേശൻ | |
| 6 | നൃത്തം | 100 | ശ്രീമതി.കലാമണ്ഡലം ക്ഷേമാവതി<br>ശ്രീമതി.ലേഖ തങ്കച്ചി<br>രജിസ്ട്രാർ, കലാമണ്ഡലം<br>സെക്രട്ടറി, സംഗീത നാടക അക്കാദമി | |

| | | | | |
|---|---|---|---|---|
| II | അഭിനയകല (സംഗീതനാടക അക്കാദമി ) 10% | | | |
| 1. | നാടകം | 100 | ശ്രീ.സേവിയർ പുൽപ്പാട്ട്<br>സെക്രട്ടറി, സംഗീത നാടക അക്കാദമി<br>ശ്രീമതി.ശ്രീജ ആറന്മുട്ടുകര | 1. സ്കൂൾ ഓഫ് ഡ്രാമ, തൃശ്ശൂർ<br>2. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി |
| III | ലളിതകല (ലളിതകലാ അക്കാദമി) 25% | | | |
| 1. | പെയിന്റിംഗ് | 135 | ശ്രീ സത്യപാൽ | 1) രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര<br>2) ഗവ.കോളേജ് ഓഫ് ഫൈൻ ആർട്സ്, തിരുവനന്തപുരം<br>3) RLV കോളേജ് ഓഫ് ഫൈൻ ആർട്സ് തൃപ്പൂണിത്തുറ,<br>4) ഗവ.കോളേജ് ഓഫ് ഫൈൻ ആർട്സ്, തൃശ്ശൂർ<br>5) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി |
| 2. | ശില്പകല | 75 | ശ്രീ നേമം പുഷ്പരാജ് | |
| 3. | കാർട്ടൂൺ | 10 | ശ്രീ പൊന്ന്യം ചന്ദ്രൻ | |
| 4. | അപ്ലൈഡ് ആർട്ട് | 10 | ശ്രീ പി.വി.ബാലൻ | |
| 5. | ഇൻസ്റ്റലേഷൻ | 5 | ശ്രീ ബൈജു ദേവ് | |
| 6. | ഫോട്ടോഗ്രാഫി | 10 | ശ്രീ നേമം പുഷ്പരാജ് | |
| 7. | ന്യൂമീഡിയ | 5 | ശ്രീ. പി. എം. മനോജ് | |

| | | | |
|---|---|---|---|
| IV | ഫോക് ലോർ കലകൾ (ഫോക് ലോർ അക്കാദമി - 25% ) | | |
| 1. | തെയ്യം | 50 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>പ്രൊഫ. എം. വി. കണ്ണൻ<br>ശ്രീ. പി. പി. കുഞ്ഞിരാമപെരുവണ്ണാൻ |
| 2. | തിറ | 15 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>പ്രൊഫ. എം. വി. കണ്ണൻ<br>ശ്രീ. പി. പി. കുഞ്ഞിരാമപെരുവണ്ണാൻ |
| 3. | പൂരക്കളി<br>മറത്തുകളി | 30 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ഡോ. സി. എച്ച്. സുരേന്ദ്രൻ നമ്പ്യാർ<br>ഡോ. സി. കെ. നാരായണൻ |
| 4. | കണ്യാർകളി | 10 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ശ്രീ.സദാനന്ദൻ ആനിക്കത്ത്<br>ശ്രീ.ഗിരിജാ വല്ലഭൻ പാലക്കാട് |
| 5. | നാടൻപാട്ട് | 10 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>സി. ജെ. കുട്ടപ്പൻ |
| 6. | ചവിട്ടു നാടകം<br>മാർഗ്ഗംകളി | 15 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ഫാദർ ജോസഫ് വലിയവീട്ടിൽ<br>ശ്രീ.തമ്പി വാഴപ്പള്ളി, ഫാദർ ജോസഫ് വെള്ളിയാൻ |
| 7. | മുടിയേറ്റ് | 15 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ശ്രീ.കീഴില്ലം ഉണ്ണികൃഷ്ണൻ<br>ശ്രീ.വരണാട്ടു നാരായണക്കുറുപ്പ് |
| 8 | പടയണി | 15 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ഡോ.കെ.രവികുമാർ<br>ശ്രീ.വിനു മോഹൻ |
| 9. | മാപ്പിളകലകൾ | 20 | സെക്രട്ടറി, ഫോക് ലോർ അക്കാദമി |

| | | | |
|---|---|---|---|
| | | | ശ്രീ.മുസ്തഫ എരഞ്ഞോളി<br>ശ്രീ. പയ്യന്നൂർ റസാക്ക് |
| 10 | കോൽക്കളി | 20 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ശ്രീ.വി. എ. കൃഷ്ണൻ<br>ശ്രീ. പത്മനാഭൻ മാസ്റ്റർ കുഞ്ഞിമംഗലം |
| 11 | വിൽപ്പാട്ട് | 10 | ശ്രീ. സി. ജെ. കുട്ടപ്പൻ<br>സെക്രട്ടറി, ഫോക് ലോർ അക്കാദമി |
| 12 | തിരുവാതിരക്കളി | 20 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>ഡോ.ആർ.ഗീതാദേവി<br>പ്രൊഫ.കെ.ഓമന |
| 13 | പാഠകനാർ തുള്ളൽ | 8 | സെക്രട്ടറി, ഫോക് ലോർ അക്കാദമി |
| 14 | വഞ്ചിപ്പാട്ട് | 7 | സെക്രട്ടറി, ഫോക് ലോർ അക്കാദമി<br>പ്രൊഫ.രാധാകൃഷ്ണൻ നായർ |
| 15 | ഗദ്ദിക | 5 | ശ്രീ. സി. ജെ. കുട്ടപ്പൻ<br>ശ്രീ.പി.കെ.കരിയൻ<br>സെക്രട്ടറി, ഫോക് ലോർ അക്കാദമി |

(ii) പദ്ധതിയുടെ പ്രാരംഭവർഷം ആയതിനാൽ കലാരൂപങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നത് കാര്യക്ഷമമായ നിർവ്വഹണത്തെ സഹായിക്കുന്നതാണ്. ആയതിനാൽ 29 കലാരൂപങ്ങൾ മാത്രം ഈ സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

(iii) ഓരോ കലാരൂപത്തിനും മേൽ പട്ടിക കോളം 3-ൽ വ്യക്തമാക്കിയിട്ടുള്ള എണ്ണം ഫെലോഷിപ്പ് അനുവദിക്കാവുന്നതാണ്.

(iv) ആയിരം യുവകലാകാരന്മാരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷകർ ബന്ധപ്പെട്ട വിഷയത്തിൽ കോളം 5-ലെ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നിന്നും ബിരുദ, ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സ് യോഗ്യത നേടിയിരിക്കണം.

(v) സ്കോളർഷിപ്പ് കലാകാരന്മാരായി തെരഞ്ഞെടുക്കുവാൻ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഓൺ ലൈൻ മാർഗ്ഗേന സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.

(vi) അപേക്ഷകർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷം ജനുവരി 1-ാം തീയതി 35 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.

(vii) സാംസ്കാരിക വകുപ്പ് ഡയറക്ടർ അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും കേരള കലാമണ്ഡലം, ബന്ധപ്പെട്ട അക്കാദമികൾ എന്നിവ അപേക്ഷകൾ സ്വീകരിച്ച് അപേക്ഷകന്റെ ജില്ല, താലൂക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(viii) അപേക്ഷയുടെ ബാഹുല്യത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഒരു പ്രാഥമിക പരീക്ഷ നടത്താവുന്നതും, തുടർന്ന് പ്രധാന പരീക്ഷ (വിവരണാത്മകം/ഒബ്ജക്ടീവ് മാതൃക) അഭിമുഖ പരീക്ഷ എന്നിവ നടത്തി യോഗ്യരായ കലാകാരന്മാരുടെ അന്തിമ പട്ടിക തയ്യാറാക്കേണ്ടതാണ്.

(ix) അഭിമുഖ പരീക്ഷ നടത്തുന്നത് കേരള കലാമണ്ഡലം രജിസ്ട്രാർ അല്ലെങ്കിൽ ബന്ധപ്പെട്ട അക്കാദമി സെക്രട്ടറിമാർ, കൾച്ചർ ഡയറക്ടർ അല്ലെങ്കിൽ ഡയറക്ടറുടെ നോമിനി, ബന്ധപ്പെട്ട കലാവിഷയത്തിലെ വിദഗ്ധർ എന്നീ 3 പേർ അടങ്ങുന്ന ഒരു സമിതിയായിരിക്കും. കലാമണ്ഡലം രജിസ്ട്രാർ/ ബന്ധപ്പെട്ട അക്കാദമി സെക്രട്ടറിമാർ പ്രസ്തുത സമിതിയുടെ അദ്ധ്യക്ഷൻ ആയിരിക്കണം.

(x) ഫോക്‌ലോർ കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ നിലവിലില്ലാത്തതിനാൽ പ്രധാന എഴുത്തു പരീക്ഷക്ക് ശേഷം മേൽ (ix)ൽ പ്രതിപാദിച്ച സമിതിക്ക് മുമ്പാകെ കലാരൂപം അവതരിപ്പിച്ച് അപേക്ഷകരുടെ യോഗ്യത നിർണ്ണയിക്കുന്നതാണ്

(xi) എഴുത്തു പരീക്ഷ, അഭിമുഖ പരീക്ഷ/കലാവതരണം തുടങ്ങിയവയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മതയോടെയും രഹസ്യ സ്വഭാവത്തോടെയും തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് കലാമണ്ഡലവും അക്കാദമികളും കൾച്ചർ ഡയറക്ടറിന് നൽകുന്നതും ആയത് ഡയറക്ടർ പരിശോധനയ്ക്ക്ശേഷം അംഗീകരിച്ച് ഉത്തരവാകുന്നതും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്.

(xii) ആകെ ഫെലോഷിപ്പുകളുടെ 10 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കും 3 ശതമാനം പട്ടികവർഗ്ഗത്തിൽപ്പെട്ട അപേക്ഷകർക്കുമായി സംവരണം ചെയ്തു നീക്കി വച്ചിട്ടുള്ളതാണ്.

(xiii) മേൽ ഖണ്ഡിക (xi) പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും മേല്പറഞ്ഞ സംവരണം പാലിച്ച് ഫെലോഷിപ്പ് കലാകാരന്മാരെ ഓരോ ജില്ലാ/ക്ലസ്റ്ററുകളിലേക്കും വിന്യസിച്ചുകൊണ്ട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(xiv) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ ആതിഥേയത്വത്തിലാണ് ഫെലോഷിപ്പ് കലാകാരൻമാർ പ്രവർത്തിക്കുന്നത്. ഇവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആതിഥേയ സ്ഥാപനങ്ങൾ ഒരുക്കേതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളും വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതികളും സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയായിരിക്കും കലാപരിശീലനത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. കുട്ടികൾക്ക് കലാപരിശീലനം നൽകുന്നതിന് ആവശ്യമായ സമയം കണ്ടെത്തുകയെന്നത് ഏറെ നിർണ്ണായകമാണ്. വിദ്യാലയങ്ങളിൽ ആഴ്ചയിലെ പ്രവർത്തി ദിവസങ്ങളിൽ രണ്ടര മണിക്കൂറും ശനിയാഴ്ചകളിൽ അഞ്ച് മണിക്കൂറും കലാപരിശീലനത്തിനായി വേണ്ടി വരുന്നതാണ്. കൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും ഫെലോഷിപ്പ് കലാകാരൻമാർ കുട്ടികൾക്കും മറ്റുള്ളവർക്കും പരിശീലനം നൽകുന്നതാണ്. തദ്ദേശ സ്വയം ഭരണ പൊതു വിദ്യാഭ്യാസ വകുപ്പുകളുമായി ചർച്ച ചെയ്തു ഈ നിർണ്ണായക വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതാണ്.

(xv) വിദ്യാലയങ്ങൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ ഇവ തമ്മിലുള്ള അകലം കണക്കിലെടുത്ത് അവയെ ക്ലസ്റ്ററുകളായി തിരിക്കുകയും ഒരോ ക്ലസ്റ്ററിലും വിവിധ കലാ വിഷയങ്ങളിൽ പരിശീലനം നൽകാൻ ഉതകുന്ന വിധത്തിൽ ഫെലോഷിപ്പ് കലാകാരൻമാരെ വിന്യസിക്കുകയും ചെയ്യേണ്ടതാണ്. ഒരു ക്ലസ്റ്ററിൽപ്പെട്ട പരിശീലകർ വിവിധ സ്കൂളുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ എന്നിവകളിൽ മാറി മാറി വ്യത്യസ്ത വിഷയങ്ങളിൽ പരിശീലനം നൽകുന്ന വിധത്തിലായിരിക്കും വിന്യാസം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്മ്യൂണിറ്റി സെന്ററുകളെ കലാപ്രവർത്തനത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന വിധത്തിൽ ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിക്കേണ്ടതാണ്.

(xvi) ഫെലോഷിപ്പ് കലാകാരന്മാർ നിശ്ചിത പ്രവർത്തന മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.

(xvii) ഫെലോഷിപ്പ് കലാകാരന്മാരായി വിന്യസിക്കപ്പെട്ടവർക്കുള്ള ഫെലോഷിപ്പ് തുക 10,000/- രൂപ പ്രതിമാസം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സമ്പ്രദായ പ്രകാരം വിതരണം ചെയ്യുന്നതാണ്.

(xviii) ഫെലോഷിപ്പിന്റെ കാലയളവ് 2 വർഷം ആയിരിക്കുന്നതാണ്.

(xix) നിയമന ഉത്തരവ് ലഭിച്ച ഫെലോഷിപ്പ് കലാകാരന്മാർക്ക് പരിശീലനം നൽകുന്നതാണ്. മേൽ പട്ടിക കോളം 4-ലെ വിദഗ്ധർ, കലാസാംസ്കാരിക പ്രമുഖർ എന്നിവർ അടങ്ങുന്ന ഒരു സമിതി പരിശീലന പാഠ്യ പദ്ധതി തയ്യാറാക്കുന്നതാണ്. വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പഠന കളരികളും സെമിനാറുകളും നടത്തി പരിശീലന പാഠ്യപദ്ധതിക്ക് രൂപം നൽകുന്നതാണ്.

(xx) ഫെലോഷിപ്പ് കലാകാരന്മാർക്ക് നിശ്ചിത പാഠ്യ പദ്ധതി പ്രകാരം പരിശീലനം നൽകുന്നതിനായി കേരള കലാമണ്ഡലത്തിനേയോ, കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനേയോ (കില) ചുമതലപ്പെടുത്താവുന്നതാണ്.

(xxi) പരിശീലനത്തിനു ശേഷം ഫെലോഷിപ്പ് കലാകാരന്മാർ തങ്ങൾ വിന്യസിക്കപ്പെട്ട ക്ലസ്റ്ററുകളിലേക്ക് മടങ്ങുന്നതും വിദ്യാർത്ഥികൾക്ക് കലാപരിശീലനം നൽകുന്നതുമാണ്.

(xxii) കലാപരിശീലനത്തിനുള്ള വാദ്യോപകരണങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് വിതരണം ചെയ്യുന്നതാണ്.

(xxiii) പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിനും കാര്യക്ഷമമായ അവലോകനത്തിനും ഓരോ ജില്ലയിലും ഓരോ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതാണ്. കോ-ഓർഡിനേറ്റർ നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബിരുദമായിരിക്കും. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന കോ-ഓർഡിനേറ്റർമാരുടെ പരമാവധി സേവനകാലം 2 വർഷമായിരിക്കുന്നതും സേവനം തൃപ്തികരമല്ലെങ്കിൽ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് വിടുതൽ ചെയ്യുന്നതുമാണ്. ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപ സഞ്ജിത പ്രതിഫലം നൽകുന്നതാണ്.

(xxiv) ജില്ലാ കോ-ഓർഡിനേറ്റർമാർ തങ്ങളുടെ ജില്ലയിലെ പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നതും ഫെലോഷിപ്പ് കലാകാരന്മാരുടെ പ്രവർത്തനം സംബന്ധിച്ചും പദ്ധതി പുരോഗതി സംബന്ധിച്ചും പ്രതിമാസ റിപ്പോർട്ട് ഡയറക്ടർക്ക് നൽകേണ്ടതാണ്.

(xxv) മേൽ പട്ടിക കോളം 4 ലെ വിദഗ്ധർ അടങ്ങുന്ന ഒരു സമിതി ഫെലോഷിപ്പ് കലാകാരന്മാരുടെ പ്രവർത്തന മികവ് മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തുന്നതും അത് സംബന്ധിച്ച ത്രൈമാസറിപ്പോർട്ട് കലാമണ്ഡലം/ അക്കാദമി മുഖേന വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

(xxvi) ഓരോ കലാകാരന്റേയും പ്രവർത്തന മികവ് സംബന്ധിച്ച ത്രൈമാസ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ആ കലാകാരന്റെ ഫെലോഷിപ്പ് തുടർച്ച നിശ്ചയിക്കുന്നത്.

അനുബന്ധം

അപേക്ഷാഫോറത്തിന്റെ മാതൃക

(ആറുമാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ ഇവിടെ പതിക്കുക)

# കേരള സർക്കാർ

## സാംസ്കാരിക വകുപ്പ്

### യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ്

### അപേക്ഷാഫോറം

1. പൂർണ്ണമായ പേര് :
2. പൂർണ്ണമായ മേൽവിലാസം (താലൂക്ക്, ജില്ല, പിൻകോഡ് സഹിതം) :
3. സ്ഥിര മേൽവിലാസം :
4. ജനനതീയ്യതി, വയസ്സ് :
5. മതം, സമുദായം :
6. ഇ-മെയിൽ വിലാസം :
7. വിദ്യാഭ്യാസ യോഗ്യത :
8. അപേക്ഷിക്കുന്ന കലാവിഭാഗം :
9. കലാവിഭാഗത്തിൽ അദ്ധ്യയന പരിചയം, ഗുരുകുല പഠനം :
10. കലാരംഗത്ത് ലഭിച്ച അംഗീകാരങ്ങൾ/ പുരസ്കാരങ്ങൾ :
11. കലാപഠനത്തിന്റെ ഭാഗമായി പൂർത്തിയാക്കിയ കോഴ്സ് :
12. കലാപഠനം പൂർത്തിയാക്കിയ സ്ഥാപനം :
13. ഇപ്പോൾ സ്വീകരിക്കുന്ന മറ്റ് സ്കോളർഷിപ്പുകൾ/ ഫെല്ലോഷിപ്പുകൾ, ഉണ്ടെങ്കിൽ :

പേര്, ഒപ്പ് (തീയതി സഹിതം)

സ്ഥലം :
തീയതി :

(ഹ്രസ്വമായ ബയോഡാറ്റ പ്രത്യേകം ചേർക്കാവുന്നതാണ്)

3453706/2019/OS-CLAD

-119-

അനുബന്ധം II

**കേരള സർക്കാർ**

സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് - യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നിർവ്വഹണം - മാർഗ്ഗ നിർദ്ദേശങ്ങൾ, സെലക്ഷൻ പാനൽ എന്നിവയിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ(സി) വകുപ്പ്**

സ.ഉ. (എം.എസ്.) നം: 11/2018/സാം.കാ.വ. തീയതി, തിരുവനന്തപുരം, 27/02/2018

പരാമർശം- 1) സ.ഉ. (എം.എസ്.) നം: 28/2017/സാം.കാ.വ. തിയതി 10/10/2017

2) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 23/01/2018 തീയതിയിലെ എ 5-2939/17/സാം.വ. നമ്പർ കത്ത്

**ഉത്തരവ്**

സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന 'യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്' എന്ന പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, സെലക്ഷൻ പാനൽ എന്നിവ അംഗീകരിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തണമെന്ന് സാംസ്കാരിക ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ചുവടെ ചേർത്തിട്ടുള്ള ഭേദഗതി കൂടി ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മാർഗ്ഗ രേഖയിൽ ഖണ്ഡിക (i) (I)-ലെ ക്ലാസിക്കൽ കലാരൂപങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളിൽ കോളം 5 ൽ "13. മറ്റ് അംഗീകൃത സർവ്വകലാശാല/കോളേജുകൾ/. മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ" എന്ന് കൂട്ടി ചേർത്ത് വായിക്കേണ്ടതാണ്.
2. ഖണ്ഡിക (i) (III)-ൽ ലളിതകലാ വിഭാഗത്തിൽ "8"കോളം 2 ൽ "ചുമർ ചിത്രകല"എന്നും കോളം 4 ൽ ശ്രീ. പ്രതീഷ് സി.വി യെന്നും കോളം 5 ൽ "6)വാസ്തു വിദ്യാ ഗുരുകലം ആറന്മുള;/മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ" എന്ന് ചേർത്ത് വായിക്കേണ്ടതാണ്.
3. മാർഗ്ഗരേഖയിൽ ക്ലാസിക്കൽ കലാരൂപങ്ങൾക്കായി 400 ഫെല്ലോഷിപ്പ് കലാകാരന്മാരേയും അഭിനയകലയിൽ 100 കലാകാരന്മാരേയും ലളിതകലാ വിഭാഗത്തിൽ 250 പേരേയും ഫോക് ലോർ വിഭാഗത്തിൽ 250 പേരെയും നിർദ്ദേശിച്ചിരുന്നു. എന്നാൽ ക്ലാസിക്കൽ കലാരൂപങ്ങളൊഴികെയുള്ള വിഭാഗങ്ങളിൽ നിശ്ചിത എണ്ണത്തിൽ കവിഞ്ഞ് അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഫെല്ലോഷിപ്പ് എണ്ണത്തിൽ മാറ്റം വരുത്തി കൂടുതൽ അപേക്ഷ ലഭിച്ച കലാരൂപങ്ങളിൽ നിന്നും പരാമർശം (1) പ്രകാരമുള്ള മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചതിൽ കൂടുതൽ പേരെ തെരഞ്ഞെടുക്കുവാനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത കെ.**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഡയറക്ടറേറ്റ് മുഖേന നൽകേണ്ടതാണ്)
ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) കേരള തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം.

Indhu

സെക്ഷൻ ആഫീസർ

A1 അനുബന്ധം - III

File No.CLAD-C3/341/2016-CLAD

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരിക കാര്യ വകുപ്പ് - അശരണരും രോഗ ബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി - ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ(സി) വകുപ്പ്

സ.ഉ.(കൈ)/22/2017/സാം.കാ.വ തിരുവനന്തപുരം,തീയതി, 11/08/2017

---

പരാമർശം:- 1) സ.ഉ.(എം എസ്)നം.45/2001/സാം.കാ.വ തീയതി 07.09.2001

<u>ഉത്തരവ്</u>

അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമാ-ടിവി-സീരിയൽ കലാകാരന്മാർക്കും അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയുടെ പരാമർശ ഉത്തരവ് പ്രകാരമുള്ള നിലവിലെ ചട്ടങ്ങൾ ഭേദഗതി വരുത്തി ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. പുതുക്കിയ ചട്ടങ്ങൾ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത.കെ

അഡീഷണൽ സെക്രട്ടറി

1) ഡയറക്ടർ, സാംസ്കാരിക വകുപ്പ്
2) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
3) എല്ലാ ജില്ലാ കളക്ടർമാർക്കും.
4) സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.
5) സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ.
6) സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി, തൃശ്ശൂർ.
7) സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ.
8) രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ, തൃശ്ശൂർ.
9) സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി, തിരുവനന്തപുരം.
10) സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി
11) സെക്രട്ടറി,കേരള സാംസ്കാരിക ക്ഷേമനിധി ബോർഡ്
12) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
13) അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
14) സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
15) സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
16) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner

<u>അനുബന്ധം</u>

## അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമാ-ടി.വി.സീരിയൽ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ.

1. ഈ ചട്ടങ്ങൾ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമാ-ടിവി-സീരിയൽ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

2. ഏറ്റവും കുറഞ്ഞ ചികിത്സാ ധനസഹായം 25000/- (ഇരുപത്തിഅയ്യായിരം) രൂപയും പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപയും ആയിരിക്കും.

3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യ കലാകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, ചിത്രകല, ശില്പകല, നാടൻ കലകൾ എന്നീ കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചികിത്സാ ധനസഹായത്തിനായി അതാത് അക്കാദമികളിൽ അപേക്ഷിക്കാവുന്നതാണ്. സിനിമാ, ടി.വി.സീരിയൽ രംഗങ്ങളിലെ കലാകാരന്മാർ ചലച്ചിത്ര അക്കാദമി വഴി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്കയക്കേണ്ടതുമാണ്.

4. കളരി അഭ്യാസങ്ങൾ നടത്തുന്നവർ, സർക്കസ് കലാകാരന്മാർ, തുടങ്ങിയവർ ഈ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിന് അപേക്ഷിക്കാൻ യോഗ്യരല്ല.

5. അപേക്ഷകന്റെ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ കവിയാൻ പാടില്ല.

<u>കുറിപ്പ്</u>

(i) കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്ര്യ സമര പെൻഷനും കലാകാര പെൻഷനും ഒഴികെ എല്ലാത്തരം പെൻഷനുകളും വരുമാനമായി കണക്കിലെടുക്കുന്നതാണ്.

(ii) പ്രായപൂർത്തിയായ മക്കളുടെ വരുമാനം, കുടുംബ പെൻഷൻ, സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, കലാകാര പെൻഷൻ, സർവ്വീസ് പെൻഷൻകാരുടെ ടി.എ എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തുന്നതല്ല.

6. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

7. ചികിത്സാ സഹായം, സർക്കാർ ആശുപത്രികളിൽ അഡ്മിറ്റായി ചികിത്സയിൽ കഴിയുന്ന അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് മാത്രം നൽകുന്നതാണ്. ഇത്തരത്തിൽ ചികിത്സയിലാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രി അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8. മറ്റു കേസുകളിൽ രോഗത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് ചികിത്സ സംബന്ധിച്ച രേഖകളും (സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) മരുന്ന് വാങ്ങിയതിന്റെ ബില്ലും ബന്ധപ്പെട്ട സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതും അക്കാദമികൾ ഇവ പരിശോധിച്ച് ബില്ലുകളുടെ പകർപ്പുകൾ സഹിതം ധനസഹായത്തിനുള്ള അപേക്ഷകൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖാന്തിരം സർക്കാരിലേക്ക് അയക്കേണ്ടതുമാണ്.

9. സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേനയായിരിക്കും ധനസഹായം വിതരണം ചെയ്യുന്നത്. മറ്റ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർക്കും മറ്റ് രീതിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

10. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും തിരിച്ച് ലഭിക്കുന്നതല്ല.

11. ധനസഹായം ലഭിക്കുന്നതിന് കുറഞ്ഞ പ്രായപരിധി 50 വയസ്സ് ആയിരിക്കും.

12. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

Scanned with CamScanner

Aslam

File No.CLAD-C3/341/2016-C/AD

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാംസ്കാരിക കാര്യ വകുപ്പ്- കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി-ചട്ടങ്ങൾ ക്രോഡീകരിച്ചും പരിഷ്കരിച്ചും ഭേദഗതികൾ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(കൈ)/21/2017/സാം.കാ.വ. തിരുവനന്തപുരം,തീയതി, 11/08/2017

പരാമർശം:- സ.ഉ.(എം.എസ്)നം.49/99/സി.എ.ഡി. തീയതി: 08.11.1999.

<u>ഉത്തരവ്</u>

സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയുടെ പരാമർശ ഉത്തരവ് പ്രകാരമുള്ള നിലവിലെ ചട്ടങ്ങൾ ക്രോഡീകരിച്ചും പരിഷ്കരിച്ചും ഭേദഗതികൾ വരുത്തിയും തയ്യാറാക്കിയ പുതിയ ചട്ടങ്ങൾ അംഗീകരിച്ച് ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. പുതുക്കിയ ചട്ടങ്ങൾ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത. കെ

അഡീഷണൽ സെക്രട്ടറി

1) ഡയറക്ടർ, സാംസ്കാരിക വകുപ്പ്.
2) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്.
3) എല്ലാ ജില്ലാ കളക്ടർമാർക്കും.
4) സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.
5) സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ.
6) സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി, തൃശ്ശൂർ.
7) സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ.
8) രജിസ്ട്രാർ, കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ, തൃശ്ശൂർ.
9) സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി
10) സെക്രട്ടറി, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
11) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
12) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
13) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner

<u>അനുബന്ധം</u>

**<u>കലാകാരപെൻഷൻ അനുവദിക്കുന്നതിനുള്ള പരിഷ്കരിച്ച ചട്ടങ്ങൾ</u>**

1. ഈ ചട്ടങ്ങൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരൻമാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

2. ഓരോ ആൾക്കും പ്രതിമാസം 1,500 (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്.

3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻ കലകൾ മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

<u>കേരളീയ ക്ഷേത്ര കലകൾ</u>

i. <u>വാദ്യകലകൾ</u> : -മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്

ii. <u>ക്ലാസിക് കലകൾ</u> :- പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്, നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം

iii. <u>ക്ഷേത്ര ശില്പകല</u> :- തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ.

iv. <u>ചിത്രകല</u> :-ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ

v. <u>നാടൻ കലാരൂപങ്ങൾ</u> : - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, ചാക്കാരിശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുഴിച്ചിൽ, ആവാമിക്കളി, ചിമ്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രോൻപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി.

vi. <u>ആദിവാസി കലകൾ</u> : - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നിക്കൽ കമ്പളകളി എന്നീ ഗോത്രകലകൾ)

4. സിനിമയുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഈ പദ്ധതി പ്രകാരം കലാകാര പെൻഷന് അപേക്ഷിക്കാവുന്നതല്ല.

5. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയിൽ കവിയാത്തവരും ആയ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

<u>കുറിപ്പ്</u>

(i) പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടേയും ചേർത്തുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിമാസ കുടുംബ വരുമാനമായി കണക്കാക്കപ്പെടുന്നത്.

(ii) കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും (കേന്ദ്ര സർക്കാർ ഉൾപ്പെടെ)

Scanned with CamScanner

ലഭിക്കുന്ന എല്ലായിനം പെൻഷനും കണക്കിലെടുക്കേണ്ടതാണ്. എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല.

(iii) സർവ്വീസ് പെൻഷന് അതാത് കാലങ്ങളിൽ അനുവദിക്കുന്ന ഡി.എ. വരുമാനമായി കണക്കാക്കുന്നതല്ല.

5. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, ജനനത്തീയതി തെളിയിക്കുന്ന രേഖ, ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സംസ്ഥാന പദ്ധതി പ്രകാരമുള്ള കലാകാര പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

8. അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്കയയ്ക്കേണ്ടതുമാണ്.

9. മുഖ്യമന്ത്രി, സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി, സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാംസ്കാരിക വകുപ്പധ്യക്ഷൻ എന്നിവരടങ്ങിയ ഒരു ഉന്നതാധികാര സമിതി കലാകാര പെൻഷന്റെ നിരക്കും കാലാവധിയും നിശ്ചയിക്കുന്നതാണ്.

10. കലാകാര പെൻഷൻ പദ്ധതിയെ സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

11. അനുവദിക്കപ്പെടുന്ന കലാകാര പെൻഷൻ മാസംതോറും നിശ്ചിത നിരക്കിൽ ഒരു നിശ്ചിത കാലയളവിലേയ്ക്ക് നൽകപ്പെടുന്നതാണ്.

12. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കലാകാര പെൻഷൻ അനുവദിക്കപ്പെട്ട എന്നോ കലാകാര പെൻഷൻ അനുവദിക്കപ്പെട്ടയാളിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരുന്നുവെന്നോ, അല്ലെങ്കിൽ പിന്നീട് മെച്ചപ്പെട്ടുവെന്നോ ബോധ്യമായാൽ അനുവദിച്ച കലാകാരപെൻഷൻ നിർത്തലാക്കുന്നതും നൽകിയ തുക തിരിച്ച് ഈടാക്കുന്നതുമാണ്.

13. കലാകാരപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരന് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടതില്ല.

14. കലാകാരപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കലാകാര പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് മൂന്നുവർഷത്തിലൊരിക്കൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുൻപാകെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

15. കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഇന്ത്യക്കകത്ത് എവിടെ താമസിക്കുകയാണെങ്കിലും പെൻഷൻ തുക അവർക്ക് മണി ഓർഡറായി അയച്ചു കൊടുക്കുന്നതാണ്.

16. അനുവദിച്ച കലാകാര പെൻഷൻ തുക മുഴുവൻ വാങ്ങിക്കുന്നതിന് മുൻപ് കലാകാരൻ മരണപ്പെടുകയാണെങ്കിൽ തുടർ പെൻഷൻ നിയമാനുസരണം അനന്തരാവകാശിയായ ഭർത്താവ്/ഭാര്യയ്ക്ക് മരണപ്പെട്ട മാസം ഉൾപ്പെടെ അതുവരെ വാങ്ങാനുള്ള പെൻഷൻ തുക ലഭിക്കുന്നതാണ്.

17. കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ആൾ മരിച്ചുപോയാൽ കുടിശ്ശിക പെൻഷൻ അനന്തരാവകാശികൾക്ക്, യുക്തമായ അന്വേഷണത്തിന് ശേഷം സാംസ്കാരികവകുപ്പ് ഡയറക്ടർ അനുവദിച്ചു കൊടുക്കുന്നതാണ്.

18. കലാകാര പെൻഷൻ ലഭിക്കുന്ന കലാകാരന്മാരുടെ ഒപ്പ് ഒരിക്കൽ മാത്രം (ആദ്യം പെൻഷൻ വാങ്ങുമ്പോൾ) സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

19. ആറുമാസത്തിലൊരിക്കൽ തങ്ങൾ ജീവിച്ചിരിക്കുന്നു എന്നുള്ളതിന് ഒരു ഗസറ്റഡ് ആഫീസറുടെ സർട്ടിഫിക്കറ്റ് കലാകാര പെൻഷൻ വാങ്ങുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്

Scanned with CamScanner

അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രത്യേക താല്പര്യമുള്ള സംഘടനകളെയാണ് ധനസഹായത്തിന് പരിഗണിക്കേണ്ടത്. പേരിലോ, ഘടനയിലോ, പ്രവർത്തനത്തിലോ ജാതി, മത വേർതിരിവ് കാണിക്കുന്ന സംഘടനകൾക്ക് സഹായം നൽകരുത്. ഇന്ത്യൻ ഭരണഘടനയുടെ അടിത്തറയായ മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കുന്ന സംഘടനകൾക്ക് ധനസഹായം ലഭിക്കുന്നതല്ല

2) ലാഭോദ്ദേശ്യം വച്ച് പുലർത്തുന്ന സംഘടനകളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കുന്നതാണ്. തുടർച്ചയായി ടിക്കറ്റ് വച്ച് കലാപരിപാടികൾ നടത്തുന്നവയും വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിച്ച് ചെലവ് നടത്തുന്നവയുമായ സ്ഥാപനങ്ങളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കാവുന്നതാണ്. സ്ഥാപനത്തിന്റെ അച്ചടക്കത്തിന്റേയും മറ്റും ഭാഗമായി നാമമാത്രമായ ഫീസ് പിരിക്കണമെന്നുള്ളവർക്ക് ആക്കാര്യത്തിൽ സാംസ്കാരിക വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്.

3) രജിസ്റ്റർ ചെയ്ത് രണ്ട് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുമ്പൊരിടത്തു നിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകും.

4) നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകും. എന്നാൽ കലകളുടെ അവതരണം അത്തരം പഠന ഗവേഷണങ്ങളുടെ അനിവാര്യഭാഗമായിരിക്കണം

5) സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാത്മകമായ ആവിഷ്കാരത്തിന് മുന്നോട്ട് വരുന്ന സന്നദ്ധ സംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയനുസരിച്ച് ധനസഹായം നൽകുന്നതാണ്. നൽകുന്ന ധനസഹായത്തിന്റെ പരിധി സംബന്ധിച്ചുള്ള ഈ കുറിപ്പിൽ അന്യത്ര ചേർത്തിട്ടുള്ള നിബന്ധനകൾ അത്തരം സഹായങ്ങൾക്കും ബാധകമായിരിക്കും.

6) ഉത്തരവാദപ്പെട്ട ഒരു സന്നദ്ധ സംഘടന ഒരനുസ്മരണ പരിപാടിക്കോ ചരമവാർഷികം, ജന്മശതാബ്ധി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസഹായത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാസാംസ്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി 5000 രൂപ മുതൽ 25000 രൂപ വരെ അനാവർത്തന ധനസഹായം നൽകുന്നതാണ്.

7) അഞ്ച് വർഷത്തിനുള്ളിൽ മൂന്നു തവണ മാത്രമേ ഒരു സംഘടനക്കിത്തരം ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

8) ഒരു സംഘടനയ്ക്ക് ഓരോ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകുന്നതല്ല

9) ജില്ലാ പഞ്ചായത്ത് ഭരണ സമിതികൾ ഏകകണ്ഠമായി ശുപാർശ ചെയ്യുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിക്കോ ഒരു സാംസ്കാരിക പ്രവർത്തന പദ്ധതിക്കോ മറ്റു നിബന്ധനകൾക്ക് വിധേയമായി 25,000/- രൂപ വരെ ധനസഹായം നൽകുന്നതാണ്.

10) കലാസാംസ്കാരിക പരിപാടികൾ, ദൃശ്യ-ശ്രാവ്യ പരിപാടികൾ, ചിത്രകലാ പ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ, ജനകീയ അനുഷ്ഠാന കലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് 2500 രൂപ മുതൽ പരമാവധി 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്.

Scanned with CamScanner

11) ഒരു സംഘടനയുടെ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്ത് സമിതിയുടെ ശുപാർശയനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ, സെക്രട്ടറിയോ നൽകുന്ന സർട്ടിഫിക്കറ്റ് ഗ്രാമപ്രദേശത്തിനുള്ള അപേക്ഷയോടൊപ്പം വേണ്ടതാണ്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ അപേക്ഷയോടൊപ്പം മുനിസിപ്പൽ ചെയർമാൻ/കമ്മീഷണർ/സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വേണ്ടതാണ്.

12) അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ട് മാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തോടുകൂടെ ഹാജരാക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും അനാവർത്തന ഗ്രാന്റ് നൽകുന്നതല്ല.

13) 2000 രൂപയ്ക്കുമേൽ അനാവർത്തനഗ്രാന്റ് വാങ്ങിയ സംഘടനകൾ വീണ്ടും അപേക്ഷിക്കുമ്പോൾ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷയോടൊന്നിച്ച് വയ്ക്കേണ്ടതാണ്.

14) ഏതെങ്കിലും ഒരു പരിപാടിയേയോ ആഘോഷത്തേയോ അനുസ്മരണ പരിപാടിയേയോ ആസ്പദമാക്കി അനാവർത്തന ഗ്രാന്റ് നൽകുമ്പോൾ സംഖ്യ തീരുമാനിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ അത്തരം പരിപാടികളെ (1) പ്രാദേശിക പ്രാധാന്യമുള്ളത് (2) സംസ്ഥാനതല പ്രാധാന്യമുള്ളത് (3) സംസ്ഥാനാന്തര പ്രാധാന്യമുള്ളത് എന്നിങ്ങനെ വേർതിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

Aa

Scanned with CamScanner

അനുബന്ധം III (a)

അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രത്യേക താല്പര്യമുള്ള സംഘടനകളെയാണ് ധനസഹായത്തിന് പരിഗണിക്കേണ്ടത്. പേരിലോ, ഘടനയിലോ, പ്രവർത്തനത്തിലോ ജാതി, മത വേർതിരിവ് കാണിക്കുന്ന സംഘടനകൾക്ക് സഹായം നൽകരുത്. ഇന്ത്യൻ ഭരണഘടനയുടെ അടിത്തറയായ മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കുന്ന സംഘടനകൾക്ക് ധനസഹായം ലഭിക്കുന്നതല്ല

2) ലാഭോദ്ദേശ്യം വച്ച് പുലർത്തുന്ന സംഘടനകളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കുന്നതാണ്. തുടർച്ചയായി ടിക്കറ്റ് വച്ച് കലാപരിപാടികൾ നടത്തുന്നവയും വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിച്ച് ചെലവ് നടത്തുന്നവയുമായ സ്ഥാപനങ്ങളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കാവുന്നതാണ്. സ്ഥാപനത്തിന്റെ അച്ചടക്കത്തിന്റെയും മറ്റും ഭാഗമായി നാമമാത്രമായ ഫീസ് പിരിക്കണമെന്നുള്ളവർക്ക് അക്കാര്യത്തിൽ സാംസ്കാരിക വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്.

3) രജിസ്റ്റർ ചെയ്ത് രണ്ട് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുമ്പൊരിടത്തു നിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകും.

4) നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകും. എന്നാൽ കലകളുടെ അവതരണം അത്തരം പഠന ഗവേഷണങ്ങളുടെ അനിവാര്യഭാഗമായിരിക്കണം.

5) സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാത്മകമായ ആവിഷ്കാരത്തിന് മുന്നോട്ടു വരുന്ന സന്നദ്ധ സംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയനുസരിച്ച് ധനസഹായം നൽകുന്നതാണ്. നൽകുന്ന ധനസഹായത്തിന്റെ പരിധി സംബന്ധിച്ചുള്ള ഈ കുറിപ്പിൽ അന്യത്ര ചേർത്തിട്ടുള്ള നിബന്ധനകൾ അത്തരം സഹായങ്ങൾക്കും ബാധകമായിരിക്കും.

6) ഉത്തരവാദപ്പെട്ട ഒരു സന്നദ്ധ സംഘടന ഒരനുസ്മരണ പരിപാടിക്കോ ചരമവാർഷികം, ജന്മശതാബ്ദി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസഹായത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാസാംസ്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി 5000 രൂപ മുതൽ 25000 രൂപ വരെ അനാവർത്തന ധനസഹായം നൽകുന്നതാണ്.

7) അഞ്ച് വർഷത്തിനുള്ളിൽ മൂന്നു തവണ മാത്രമേ ഒരു സംഘടനക്കിത്തരം ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

8) ഒരു സംഘടനയ്ക്ക് ഓരോ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകുന്നതല്ല.

9) ജില്ലാ പഞ്ചായത്ത് ഭരണ സമിതികൾ ഏകകണ്ഠമായി ശുപാർശ ചെയ്യുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിക്കോ ഒരു സാംസ്കാരിക പ്രവർത്തന പദ്ധതിക്കോ മറ്റു നിബന്ധനകൾക്ക് വിധേയമായി 25,000/- രൂപ വരെ ധനസഹായം നൽകുന്നതാണ്.

10) കലാസാംസ്കാരിക പരിപാടികൾ, ദൃശ്യ-ശ്രാവ്യ പരിപാടികൾ, ചിത്രകലാ പ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ, ജനകീയ അനുഷ്ഠാന കലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് 2500 രൂപ മുതൽ പരമാവധി 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്.

Scanned with CamScanner

11) ഒരു സംഘടനയുടെ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്ത് സമിതിയുടെ [illegible] ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ, സെക്രട്ടറിയോ നൽകുന്ന സർട്ടിഫിക്കറ്റ് [illegible]ത്തിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ അപേക്ഷയോടൊപ്പം മുനിസിപ്പൽ ചെയർമാൻ/കമ്മീഷണർ/കൗൺസിലർ നൽകുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വെക്കേണ്ടതാണ്.

12) അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ട് മാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തോടുകൂടെ ഹാജരാക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും അനാവർത്തന ഗ്രാന്റ് നൽകുന്നതല്ല.

13) 3000 രൂപയ്ക്കുമേൽ അനാവർത്തനഗ്രാന്റ് വാങ്ങിയ സംഘടനകൾ വീണ്ടും അപേക്ഷിക്കുമ്പോൾ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷയോടൊന്നിച്ച് വയ്ക്കേണ്ടതാണ്.

14) ഏതെങ്കിലും ഒരു പരിപാടിയേയോ ആഘോഷത്തേയോ അനുസ്മരണ പരിപാടിയേയോ ആസ്പദമാക്കി അനാവർത്തന ഗ്രാന്റ് നൽകുമ്പോൾ സംഖ്യ തിരുമാനിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ അത്തരം പരിപാടികളെ (1) പ്രാദേശിക പ്രാധാന്യമുള്ളത് (2) സംസ്ഥാനതല പ്രാധാന്യമുള്ളത് (3) സംസ്ഥാനാന്തര പ്രാധാന്യമുള്ളത് എന്നിങ്ങനെ വേർതിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

Aa

Scanned with CamScanner

അനുബന്ധം IV

**File No.CLAD-C1/87/2021-CLAD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - "സമം-സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം" പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ (സി) വകുപ്പ്

G.O.(Ms) No.20/2021/CLAD തീയതി,തിരുവനന്തപുരം, 02/09/2021

---

പരാമർശം:- 1. മലയാളം മിഷൻ ഡയറക്ടറുടെ 09.07.2021-ലെ 1642/21/മ.മി നം കത്ത്.

2. 4.07.2021 ന് ബഹു. സാംസ്കാരിക കാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന് യോഗതീരുമാനം.

<u>ഉത്തരവ്</u>

സമീപ കാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സമം". വൈവിധ്യ പൂർണ്ണമായ പ്രവർത്തനങ്ങളാണ് സ്ത്രീ സമത്വത്തിനായുള്ള "സമം" എന്ന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം" ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ് എന്നീ യുവജന പ്രസ്ഥാനങ്ങൾ എന്നിവ കൂടി സജീവമായി പങ്കാളികളാകുന്നു. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ എല്ലാവരുടെയും മനസ്സറിഞ്ഞു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഉൾച്ചേർന്നിട്ടുള്ളത്. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ താഴെപറയുന്ന 23 ഇനം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

Generated from eOffice by SHEENA S, SO (C) CLAD, CLAD on 02/09/21 05:41 PM

1. ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിനിൽ ലിംഗ സമത്വം അടിസ്ഥാന മനുഷ്യാവകാശം ആയി അംഗീകരിച്ച നിരവധി വിഷയങ്ങളിൽ സെമിനാറുകൾ നടത്തും.

2. സ്ത്രീ സ്വാതന്ത്ര്യത്തെയും ശാക്തീകരണത്തേയും അടയാളപ്പെടുത്തുന്ന മൈക്രോഫിലിംസ്.

3. മൂന്ന് മിനിറ്റ് വരുന്ന കവിതയും, സംഗീതവും നൃത്തവും ഇഴചേർത്ത - ജിംഗിൾസ്

4. വിഖ്യാത വ്യക്തിത്വങ്ങളുടെ വാക്കുകളിലൂടെയും കവിതകളിലൂടെയും ലിംഗനീതിക്കായുള്ള - മൾട്ടി മീഡിയ മ്യൂസിക് ആൽബം.

5. ചരിത്രത്തിലെയും പുരാവൃത്തങ്ങളിലെയും വീരാംഗനമാരുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്ന - ഹ്രസ്വ ദൃശ്യാവിഷ്കാരങ്ങൾ

6. പ്രതിസന്ധികളിൽ പതറാതെ വിജയം കൈവരിച്ച വർത്തമാനകാല സ്ത്രീകളെ കുറിച്ചുള്ള -മോട്ടിവേഷൻ ഫിലിംസ്.

7. കേരളത്തിലെ നവോത്ഥാന നാടകങ്ങളിലെയും ലോക പ്രശസ്ത നാടകങ്ങളിലെയും സ്ത്രീനീതിയുടെ തീവ്രതയാർന്ന രംഗങ്ങൾ ഉൾപ്പെടുത്തിയ-മൈക്രോ തിയേറ്റർ സ്കെച്ചസ്.

8. സമൂഹത്തിലെ സ്ത്രീകളുടെ ഇച്ഛാശക്തി വളർത്തിയെടുക്കുവാനായി പെൺ-കലാസംഘങ്ങൾ ഒരുക്കുന്ന മോട്ടിവേഷൻ പാന്റോ മൈം

9. ലിംഗനീതി പ്രമേയമാക്കി വിദ്യാർത്ഥികൾക്കും പൊതു വിഭാഗത്തിലും നടത്തുന്ന റേഡിയോ നാടക മത്സരം

10. സമം-സാംസ്കാരിക ദൗത്യത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന- ആനിമേഷനുകൾ

11. വനിത ചലച്ചിത്ര പ്രവർത്തകരുടെ ക്യാമ്പ് നടത്തി ഒരുക്കുന്ന -ഷോർട്ട് ഫിലിമുകൾ

12. സമൂഹത്തിലേക്ക് നല്ല സന്ദേശം പകരുന്ന നായികാ പ്രാധാന്യമുള്ള

...nerated from eOffice by SHEENA S, SO (C) CLAD, CLAD on ...

ചലച്ചിത്രങ്ങളുടെ ടൂറിംഗ് തിയേറ്റർ പദ്ധതി

13. മലയാള സാഹിത്യത്തിലെ പെണ്ണെഴുത്തിന്റെ ചരിത്രവും എഴുത്തുകാരികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക ആവിഷ്കാരങ്ങളും 'അവൾ സാഹിത്യത്തിൽ'

14. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലകളിലെ സ്ത്രീ സംഭാവനകളെ അടയാളപ്പെടുത്തുന്ന ഇൻഫർമേറ്റീവ് വീഡിയോസ്.

15. ചലച്ചിത്രങ്ങളിലെ കരുത്താർന്ന സ്ത്രീ കഥാപാത്രങ്ങളിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ

16. ഷീ-റേഡിയോ

1) സമകാലിക സ്ത്രീ നീതിക്കുവേണ്ടിയുള്ള ചിന്തകൾ അവതരിപ്പിക്കുന്ന പെൺ കവിയരങ്ങുകൾ

2) ഓഡിയോ ബുക്ക്- എന്റെ ശബ്ദം എന്ന പേരിൽ വിവിധ സാമൂഹിക വിഷയങ്ങളിലെ സ്ത്രീകളുടെ പ്രതികരണങ്ങൾ.

3) സ്ത്രീ കേന്ദ്രീകൃത രചനകളുടെ ആവിഷ്കാരം

17. ലിംഗസമത്വം എന്ന ആശയത്തെ മുൻനിർത്തി വിവിധ ഭാഗങ്ങളിലുള്ളവർക്കുവേണ്ടി സംസ്ഥാനതലത്തിൽ പോസ്റ്റർ മത്സരം.

18. ഒരു ഗ്യാലറിയിൽ 7 ദിവസം എന്ന ക്രമത്തിൽ ലളിതകലാ അക്കാദമിയുടെ 12 ആർട്ട് ഗ്യാലറികളിൽ ചിത്രകാരികളുടെ ചിത്രപ്രദർശനങ്ങൾ.

19. കേരളവും സ്ത്രീസമൂഹവും എന്ന പേരിലുള്ള കൈപ്പുസ്തകം.

20. നാവാത്ഥാന വനിതാ സാഹിത്യ ശിൽപശാല- ഫെല്ലോഷിപ്പുകളും ശിൽപശാല ഒരുക്കി ലിംഗ സമത്വത്തിനായുള്ള പദകോശവും (ലഘു വിജ്ഞാന കോശം)

21. കേരളത്തിലെ സിനിമ-സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന സംവാദങ്ങൾ.

22. സ്ത്രീപക്ഷ നിയമ ബോധവൽക്കരണ പരിപാടികൾ

23. സ്ത്രീകളുടെ സാമൂഹ്യ-സാംസ്കാരിക വളർച്ചകളുടെ വിവിധ ഘട്ടങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ

2. മേൽ പരിപാടികളുടെ നടത്തിപ്പിനായി ചുവടെപ്പറയുന്ന രീതിയിൽ പ്രോഗ്രാം കമ്മിറ്റിക്ക് രൂപം നൽകുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ഉള്ളടക്ക രൂപീകരണം, അവയുടെ അംഗീകാരം, നടത്തിപ്പു ചുമതലകൾ തുടങ്ങിയവ ഈ കമ്മിറ്റിയുടെ കൂട്ടായ തീരുമാനപ്രകാരം ആയിരിക്കും.

ചെയർ പേഴ്സൺ - പ്രൊഫ.സുജ സൂസൻ ജോർജ്ജ് ഡയറക്ടർ, മലയാളം മിഷൻ

കൺവീനർ - ശ്രീമതി എൻ.മായ ഐ.എഫ്.എസ്, മാനേജിംഗ് ഡയറക്ടർ

കെ.എസ്.എഫ്.ഡി.സി.

അംഗങ്ങൾ - ശ്രീ.പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ

പ്രൊഫ.വി. കാർത്തികേയൻ നായർ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. അജോയ്, സെക്രട്ടറി, കേരള ചലച്ചിത്ര അക്കാദമി

പ്രോഗ്രാം കമ്മിറ്റി അംഗീകരിക്കുന്ന സമം പദ്ധതിയുടെ ആശയവുമായി പൊരുത്തപ്പെടുന്ന മറ്റു പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കും.

3. സാംസ്കാരിക വകുപ്പിൻ കീഴിൽ നടപ്പാക്കുന്ന സമം പദ്ധതിയിൽ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണം അത്യാവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഇതര യുവജന സ്ഥാപനങ്ങളെയും പങ്കാളികളാക്കുന്നു.

1. യൂത്ത് വെൽഫെയർ ബോർഡ്
2. യുവജന കമ്മീഷൻ
3. നെഹ്റു യുവകേന്ദ്ര
4. N.S.S
5. N.C.C
6. S.P.C
7. സാമൂഹ്യ സന്നദ്ധ സേന

8. സർവ്വകലാശാല യൂണിയനുകൾ

9. കോളേജ് യൂണിയനുകൾ

10. ലൈബ്രറി കൗൺസിൽ

11. എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും

4. കൂടാതെ സംസ്ഥാന-ജില്ലാ-പഞ്ചായത്ത്-വാർഡ് തലങ്ങളിൽ സംഘാടക സമിതികൾ ചുവടെ പറയുന്ന തരത്തിൽ രൂപീകരിക്കുന്നു.

1. <u>സംസ്ഥാനതലം</u>

| | | |
|---|---|---|
| ചെയർമാൻ | | ബഹു: മുഖ്യമന്ത്രി |
| വൈസ് ചെയർമാൻ | : | സാംസ്കാരിക വകുപ്പ് മന്ത്രി |
| ജനറൽ കൺവീനർ | : | സാംസ്കാരിക വകുപ്പ് സെക്രട്ടറി |
| ജോയിന്റ് കൺവീനർ | : | യുവജന ക്ഷേമ ബോർഡ് ചെയർമാൻ |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സംസ്ഥാനതല ചുമതലക്കാരും 10 പ്രമുഖ വ്യക്തിത്വങ്ങളും സംസ്ഥാനതല സമിതിയിൽ അംഗങ്ങളായിരിക്കും.

2. <u>ജില്ലാ തലം</u>

| | | |
|---|---|---|
| ചെയർമാൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| കൺവീനർ | : | ജില്ലാ കളക്ടർ |

ജില്ലയിലെ എം.പിമാർ, എം.എൽ.എ.മാർ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന വ്യക്തികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ജില്ലാതല ചുമതലക്കാർ, കൂടാതെ ജില്ലയിൽ നിന്നും പ്രത്യേകം ഉൾപ്പെടുത്താൻ കഴിയുന്ന പത്ത് പ്രമുഖ വ്യക്തിത്വങ്ങൾ.

3. <u>പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലം</u>

| | | |
|---|---|---|
| ചെയർമാൻ | : | അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് |
| കൺവീനർ | | കോർപ്പറേഷൻ/മുനിസിപ്പൽ/ |

Generated from eOffice by SHEENA S, SO(C),CLAD, CLAD on 02/09/21 05:41 PM

പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുന്ന പുരോഗമന ചിന്തയുള്ള പ്രമുഖ വനിത ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളും കൂടാതെ പ്രമുഖ 10 വ്യക്തിത്വങ്ങളും.

4. <u>വാർഡ്തല ജാഗ്രതാ സമിതി</u>

വാർഡ് മെമ്പർ കൺവീനറായ ജാഗ്രതാ സമിതിയിൽ വാർഡിലെ അംഗങ്ങൾ, തൊഴിലുറപ്പ് മേഖലയിലെ 40 വയസ്സ് കഴിയാത്ത 3 പേർ, വാർഡിലെ ക്ലബ്/ഗ്രന്ഥശാലകളുടെ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി, വാർഡിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ സെക്രട്ടറി അല്ലെങ്കിൽ പ്രസിഡന്റ് എന്നിവർ അംഗങ്ങൾ. നിശ്ചയിക്കപ്പെടുന്ന 3 പ്രമുഖ വ്യക്തികൾ.

5. സമം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുന്നു.

6. സാംസ്കാരിക വകുപ്പ് നേതൃത്വം നൽകുന്ന, മറ്റ് നിരവധി വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന "സമം" പദ്ധതി മേൽപ്പറഞ്ഞ രീതിയിലും ഘടനയിലും നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. സമം പദ്ധതിയുടെ നിർവ്വഹണ ചെലവ് സംബന്ധിച്ച് സർക്കാർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Janardhanan K

Additional Secretary

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, യുവജനകാര്യ വകുപ്പ്.

സെക്രട്ടറി,പൊതുവിദ്യാഭ്യാസ വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

ഡയറക്ടർ, സാംസ്കാരിക വകുപ്പ്

ഡയറക്ടർ, പുരാവസ്തു വകുപ്പ്

Generated from eOffice by SHEENA S, SO (C1.CLAD), CLAD on 02/09/21 05:41 PM

ഡയറക്ടർ, പുരാരേഖാ വകുപ്പ്

ഡയറക്ടർ, മ്യൂസിയവും മൃഗശാലയും വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

ഡയറക്ടർ, മലയാളം മിഷൻ

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ.

രജിസ്ട്രാർ, കേരള കലാമണ്ഡലം ഡീമ്ഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി

സെക്രട്ടറി, കേരള സാഹിത്യ അക്കാഡമി

സെക്രട്ടറി, കേരള ലളിതകലാ അക്കാഡമി

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ

സെക്രട്ടറി, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്,

സെക്രട്ടറി, ശ്രീ നാരായണ ഇൻറർനാഷണൽ സ്റ്റഡി സെൻ്റർ

സെക്രട്ടറി, വാസ്തുവിദ്യാ ഗുരുകുലം

മെമ്പർ സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ

സെക്രട്ടറി, ഗുരു ഗോപിനാഥ് നടനഗ്രാമം

സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ

സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി

സെക്രട്ടറി, കൊങ്കണി സാഹിത്യ അക്കാദമി

ഡയറക്ടർ, ഡിപ്പാർട്ടുമെന്റ് ഓഫ് സെന്റർ ഫോർ ഹെറിറ്റേജസ് സ്റ്റഡീസ്

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഡയറക്ടർ, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

സെക്രട്ടറി , കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

ചെയർമാൻ, യുവജന ക്ഷേമ ബോർഡ്.

ചെയർപേഴ്സൺ, സംസ്ഥാന യുവജന കമ്മീഷൻ.

എല്ലാ ജില്ലാകളക്ടർമാർക്കും.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

സാംസ്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എസ്സ്

അനുബന്ധം - V

# സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികൾ

**1. പെൻഷൻ**

കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതാണ്. സൂപ്പറാന്വേഷൻ പെൻഷനു വേണ്ടി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 5-ാം നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ട താണ്.

**2. കുടുംബ പെൻഷൻ**

കുറഞ്ഞത് 2 വർഷം അംശാദായം അടച്ച ഒരു അംഗമോ ക്ഷേമനിധി പദ്ധതിപ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷന് അപേക്ഷിക്കുന്നയാൾ അപേക്ഷയോടൊപ്പം അംഗത്തിന്റെ ജനന മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ് മരണപ്പെട്ട അംഗവുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. കുടുംബ പെൻഷനുവേണ്ടി 7-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്.

**3. വിവാഹാനുകൂല്യം**

കുറഞ്ഞത് ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേക്ക് അംശാദായം അടച്ച അംഗത്തിന്റെയോ. അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിനായി 25000/- രൂപ ധനസഹായമായി ലഭിക്കുന്നിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു വെന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടി/പ്രസിഡന്റ്/ചെയർമാൻ/മേയർ. എം.എൽ.എ, എം.പി. ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ വിവാഹം സാക്ഷ്യപ്പെടുത്തുന്നതിന് അധികാരമുള്ള സ്ഥാപനം അഥവാ സംഘടന എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് 60 ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷയും ടി ആനുകൂല്യത്തിന് വേണ്ടി പരിഗണിക്കുന്നതാണ്. വിവാഹ ധനസഹായത്തിനുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 8-ാം നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

## 4. മരണാനന്തര സഹായം

ഒരു അംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി 10000 രൂപ ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയോടൊപ്പം മരണസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മരണാനന്തര ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 10-ാം നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

## 5. ചികിത്സാ സഹായം

(1) മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശാദായം അടച്ച ചിസ് ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50.000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായം അനുവദിക്കാവുന്നതാണ്.

(2) ഹൃദ്രോഗം. ക്യാൻസർ. വൃക്ക സംബന്ധമായ അസുഖം. കരൾ രോഗം. ശ്വാസകോശ സംബന്ധമായ അസുഖം. തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ ചികിത്സക്കുള്ള ചിലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്. ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 9-ാം. നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

അനുബന്ധം III (a)

അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1) സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രത്യേക ശ്രദ്ധയുള്ള സംഘടനകളെയാണ് ധനസഹായത്തിന് പരിഗണിക്കേണ്ടത്. പേരിലോ, ഘടനയിലോ, പ്രവർത്തനത്തിലോ ജാതി, മത വേർതിരിവ് കാണിക്കുന്ന സംഘടനകൾക്ക് സഹായം നൽകരുത്. ഇന്ത്യൻ ഭരണഘടനയുടെ അടിത്തറയായ മതേതരത്വം, ദേശീയത എന്നീ തത്വങ്ങൾക്ക് വിരുദ്ധമായി പ്രത്യക്ഷമായോ പരോക്ഷമായോ പ്രവർത്തിക്കുന്ന സംഘടനകൾക്ക് ധനസഹായം ലഭിക്കുന്നതല്ല.

2) ലാഭോദ്ദേശ്യം വച്ച് പുലർത്തുന്ന സംഘടനകളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കുന്നതാണ്. തുടർച്ചയായി ടിക്കറ്റ് വച്ച് കലാപരിപാടികൾ നടത്തുന്നവയും വിദ്യാർത്ഥികളിൽ നിന്ന് ഫീസ് പിരിച്ച് ചെലവ് നടത്തുന്നവയുമായ സ്ഥാപനങ്ങളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കാവുന്നതാണ്. സ്ഥാപനത്തിന്റെ അച്ചടക്കത്തിന്റേയും മറ്റും ഭാഗമായി നാമമാത്രമായ ഫീസ് പിരിക്കണമെന്നുള്ളവർക്ക് അക്കാര്യത്തിൽ സാംസ്കാരിക വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്.

3) രജിസ്റ്റർ ചെയ്ത് രണ്ട് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുമ്പോരിടത്തു നിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകും.

4) നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകും. എന്നാൽ കലകളുടെ അവതരണം അത്തരം പഠന ഗവേഷണങ്ങളുടെ അനിവാര്യഭാഗമായിരിക്കണം.

5) സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാപരമായ ആവിഷ്കാരത്തിന് മുന്നോട്ട് വരുന്ന സന്നദ്ധ സംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയനുസരിച്ച് ധനസഹായം നൽകുന്നതാണ്. നൽകുന്ന ധനസഹായത്തിന്റെ പരിധി സംബന്ധിച്ചുള്ള ഈ കുറിപ്പിൽ അന്യത്ര ചേർത്തിട്ടുള്ള നിബന്ധനകൾ അത്തരം സഹായങ്ങൾക്കും ബാധകമായിരിക്കും.

6) ഉത്തരവാദപ്പെട്ട ഒരു സന്നദ്ധ സംഘടന ഒരനുസ്മരണ പരിപാടിക്കോ ചരമവാർഷികം, ജന്മശതാബ്ദി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസഹായത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാസാംസ്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി 5000 രൂപ മുതൽ 25000 രൂപ വരെ അനാവർത്തന ധനസഹായം നൽകുന്നതാണ്.

7) അഞ്ച് വർഷത്തിനുള്ളിൽ മൂന്നു തവണ മാത്രമേ ഒരു സംഘടനക്കിത്തരം ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

8) ഒരു സംഘടനയ്ക്ക് ഓരോ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകുന്നതല്ല.

9) ജില്ലാ പഞ്ചായത്ത് ഭരണ സമിതികൾ ഏകകണ്ഠമായി ശുപാർശ ചെയ്യുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിക്കോ ഒരു സാംസ്കാരിക പ്രവർത്തന പദ്ധതിക്കോ മറ്റു നിബന്ധനകൾക്ക് വിധേയമായി 25,000/- രൂപ വരെ ധനസഹായം നൽകുന്നതാണ്.

10) കലാസാംസ്കാരിക പരിപാടികൾ, ദൃശ്യ-ശ്രാവ്യ പരിപാടികൾ, ചിത്രകലാ പ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ, ജനകീയ അനുഷ്ഠാന കലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് 2500 രൂപ മുതൽ പരമാവധി 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്.

Scanned with CamScanner

11) ഒരു സംഘടനയുടെ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്ത് സമിതിയുടെ അഭിപ്രായമനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ, സെക്രട്ടറിയോ നൽകുന്ന സർട്ടിഫിക്കറ്റ് ഗ്രാമപ്രദേശത്തിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ അപേക്ഷയോടൊപ്പം മുനിസിപ്പൽ ചെയർമാൻ/കമ്മീഷണർ/കൗൺസിലർ നൽകുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വെക്കേണ്ടതാണ്.

12) അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ട് മാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തോടുകൂടെ ഹാജരാക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും അനാവർത്തന ഗ്രാന്റ് നൽകുന്നതല്ല.

13) 3000 രൂപയ്ക്കുമേൽ അനാവർത്തനഗ്രാന്റ് വാങ്ങിയ സംഘടനകൾ വീണ്ടും അപേക്ഷിക്കുമ്പോൾ ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷയോടൊന്നിച്ച് വയ്ക്കേണ്ടതാണ്.

14) ഏതെങ്കിലും ഒരു പരിപാടിയേയോ ആഘോഷത്തേയോ അനുസ്മരണ പരിപാടിയേയോ ആസ്പദമാക്കി അനാവർത്തന ഗ്രാന്റ് നൽകുമ്പോൾ സംഖ്യ തിരുമാനിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ അത്തരം പരിപാടികളെ (1) പ്രാദേശിക പ്രാധാന്യമുള്ളത് (2) സംസ്ഥാനതല പ്രാധാന്യമുള്ളത് (3) സംസ്ഥാനാന്തര പ്രാധാന്യമുള്ളത് എന്നിങ്ങനെ വേർതിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

Aa

Scanned with CamScanner